## മധുരമായ കുട്ടികളേ – ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് കറന്റ് നൽകാൻ, നിങ്ങൾ ദേഹീ അഭിമാനിയാണ്, ബുദ്ധിയോഗം ഒരു ബാബയോടൊപ്പമാണ് എങ്കിൽ കറന്റ് ലഭിച്ചുകൊണ്ടിരിക്കും.

**ചോദ്യം:–** നിങ്ങൾ കുട്ടികളിൽ ഉണ്ടാവാൻ പാടില്ലാത്ത ഏറ്റവും വലിയ ആസുരീയ സ്വഭാവം ഏതാണ്?
**ഉത്തരം:–** അശാന്തി പരത്തുക, ഇതാണ് ഏറ്റവും വലിയ ആസുരീയ സ്വഭാവം. അശാന്തി പരത്തുന്നവരാൽ മനുഷ്യർ വളരെ അധികം ബുദ്ധിമുട്ടുന്നു. അവർ എവിടെപ്പോയാലും അശാന്തി പരത്തിക്കൊണ്ടിരിക്കും അതിനാലാണ് എല്ലാവരും ഭഗവാനിൽ നിന്നും ശാന്തിയുടെ വരം ചോദിക്കുന്നത്.

**ഗീതം:–** ഇത് ദീപത്തിന്റേയും കൊടുങ്കാറ്റിന്റേയും കഥയാണ്...

**ഓം ശാന്തി**. മധുര മധുരമായ കളഞ്ഞുപോയി തിരികെ കിട്ടിയ മക്കൾ ഗീതത്തിന്റെ വരികൾ കേട്ടോ. ഗീതം ഭക്തിമാർഗ്ഗത്തിലേതാണ് പിന്നീട് അതിനെ ജ്ഞാനത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു, ചിലർക്ക് ട്രാൻസ്ഫർ ചെയ്യാൻ സാധിക്കില്ല. നിങ്ങളും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് അറിയുന്നത്, ദീപം എന്താണ് കൊടുങ്കാറ്റ് എന്താണ്! കുട്ടികളുടെ ആത്മാവിന്റെ ജ്യോതി അണഞ്ഞിരിക്കുകയാണ്. ഇപ്പോൾ ജ്യോതി തെളിയിക്കാനായി ബാബ വന്നിരിക്കുകയാണ്. ആരെങ്കിലും മരിക്കുകയാണെങ്കിലും ദീപം തെളിയിക്കാറുണ്ട്. സത്യയുഗത്തിൽ ഇങ്ങനെയൊന്നും ഉണ്ടാകില്ല. അവിടെ പ്രകാശത്തിലായിരിക്കും. വിശപ്പിന്റെ കാര്യമേയില്ല, അവിടെ വളരെ അധികം സമ്പത്തുണ്ടാകും. ഇവിടെയാണെങ്കിൽ ഘോരാന്ധകാരമാണ്. മോശമായ ലോകമല്ലേ. സർവ്വാത്മാക്കളുടേയും ജ്യോതി അണഞ്ഞിരിക്കുകയാണ്. ഏറ്റവും കൂടുതൽ അണഞ്ഞിരിക്കുന്നത് നിങ്ങളുടെ ജ്യോതിയാണ്. മുഖ്യമായും നിങ്ങൾക്കുവേണ്ടിയാണ് ബാബ വരുന്നത്. നിങ്ങളുടെ ജ്യോതി അണഞ്ഞിരിക്കുകയാണ്, ഇപ്പോൾ കറന്റ് എവിടെനിന്നു ലഭിക്കും? കുട്ടികൾക്ക് അറിയാം കറന്റ് ബാബയിൽ നിന്നേ ലഭിക്കൂ. കറന്റ് ശക്തമായി വന്നാൽ ബൾബ് നന്നായി പ്രകാശിക്കും. അതിനാൽ ഇപ്പോൾ നിങ്ങൾ വലിയ മെഷിനിൽ നിന്നും കറന്റെടുക്കുകയാണ്. നോക്കൂ, ബോംബെ പോലുള്ള നകരങ്ങളിൽ എത്ര അധികം പേർ വസിക്കുന്നു, എത്ര അധികം കറന്റ് വേണം. അപ്പോൾ തീർച്ചയായും മെഷിനും അത്രയും വലുതായിരിക്കും. ഇത് പരിധിയില്ലാത്ത കാര്യമാണ്. മുഴുവൻ ലോകത്തിലേയും ആത്മാക്കളുടെ ജ്യോതി അണഞ്ഞിരിക്കുകയാണ്. അതിന് കറന്റ് നൽകണം. പ്രധാന കാര്യം ബാബ മനസ്സിലാക്കിത്തരുകയാണ്, ബുദ്ധിയോഗം ബാബയുമായി വയ്ക്കൂ. ദേഹീ അഭിമാനിയായി മാറൂ. എത്ര വലിയ പിതാവാണ്, എല്ലാവരുടേയും ജ്യോതി തെളിയിക്കുന്നതിന് മുഴുവൻ ലോകത്തിലേയും പതിത മനുഷ്യരെ പാവനമാക്കി മാറ്റുന്ന സുപ്രീം ഫാദർ വന്നിരിക്കുകയാണ്. മുഴുവൻ ലോകത്തിലേയും സർവ്വ മനുഷ്യരുടേയും ജ്യോതിയെ തെളിയിക്കുന്നു. ബാബ ആരാണ്, എങ്ങനെയാണ് ജ്യോതി തെളിയിക്കുന്നത്? ഇതാർക്കും അറിയില്ല. ബാബയെ ജ്യോതി സ്വരൂപനെന്നും പറയുന്നു പിന്നീട് സർവ്വവ്യാപിയെന്നും പറയുന്നു. ജ്യോതിസ്വരൂപനെ വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ജ്യോതി അണഞ്ഞിരിക്കുകയാണ്. അഖണ്ഡജ്യോതിയുടെ സാക്ഷാത്ക്കാരവും ഉണ്ടാകാറുണ്ട്. എനിക്ക് തേജസ്സ് സഹിക്കാൻ കഴിയുന്നില്ല എന്ന് അർജുനൻ പറഞ്ഞതായി കാണിക്കുന്നു. വളരെ അധികം കറന്റുണ്ട്. അതിനാൽ ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കിക്കൊടുക്കുന്നു. നിങ്ങൾ ആത്മാവാണ് എന്നതാണ് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കേണ്ടത്. ആത്മാക്കൾ മുകളിൽ നിന്നാണ് ഇവിടേയ്ക്ക് വരുന്നത്. ആദ്യം ആത്മാവ് പവിത്രമാണ്, അതിൽ കറന്റുണ്ട്. സതോപ്രധാനമാണ്. സ്വർണ്ണിമയുഗത്തിൽ ആത്മാവ് പവിത്രമാണ് പിന്നീട് അതിന് അപവിത്രമായും മാറണം. എപ്പോഴാണോ അപവിത്രമായി മാറുന്നത് അപ്പോൾ ഗോഡ്ഫാദറെ വിളിക്കുന്നു വന്ന് മുക്തമാക്കൂ അർത്ഥം ദുഃഖത്തിൽ നിന്നും രക്ഷിക്കൂ. മുക്തമാക്കുക എന്നതും പാവനമാക്കുക എന്നതും ഇവയുടെ അർത്ഥം രണ്ടാണ്. തീർച്ചയായും ആരിലൂടെയോ പതിതമായിട്ടുണ്ട് അപ്പോഴാണ് പറയുന്നത് ബാബാ വരൂ, വന്ന് മുക്തമാക്കൂ, പാവനമാക്കി മാറ്റൂ. ഇവിടെ നിന്നും ശാന്തിധാമത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകൂ. ശാന്തിയുടെ വരം നൽകൂ. ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– ഇവിടെ ശാന്തമായിരിക്കാൻ കഴിയില്ല – ശാന്തി ശാന്തിധാമത്തിലാണുള്ളത്. സത്യയുഗത്തിൽ ഒരു ധർമ്മം, ഒരു രാജ്യമായതിനാൽ ശാന്തിയുണ്ടാകും. ഒരു ബഹളവുമില്ല. ഇവിടെയാണെങ്കിൽ അശാന്തിയാൽ മനുഷ്യർ ബുദ്ധിമുട്ടുന്നു. ഒരു വീട്ടിൽത്തന്നെ എത്ര വഴക്കുണ്ടാകുന്നു. അഥവാ ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്കാണെന്നു കരുതൂ അമ്മ, അച്ഛൻ, സഹോദരീ, സഹോദരൻ, കുട്ടികൾ എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാകുന്നു. അശാന്തരായ മനുഷ്യർ എവിടെപ്പോയാലും അശാന്തിതന്നെ പരത്തും എന്തുകൊണ്ടെന്നാൽ ആസുരീയ സ്വഭാവമല്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം സത്യയുഗം സുഖധാമമാണ്.

അവിടെ സുഖം ശാന്തി രണ്ടുമുണ്ട്. അവിടെ പരമധാമത്തിലാണെങ്കിൽ ശാന്തി മാത്രമേയുള്ളൂ, അതിനെയാണ് മധുരമായ ശാന്തിയുടെ വീട് എന്ന് പറയുന്നത്. മുക്തിധാമക്കാർക്ക് കേവലം ഇത്രയേ മനസ്സിലാക്കിക്കൊടുക്കേണ്ടതുള്ളൂ അതായത് നിങ്ങൾക്ക് മുക്തി വേണമെങ്കിൽ ബാബയെ ഓർമ്മിക്കു.

മുക്തിയ്ക്കുശേഷം തീർച്ചയായും ജീവന്മുക്തിയുണ്ട്. ആദ്യം ജീവന്മുക്തിയിലായിരിക്കും പിന്നീട് ജീവനബന്ധനത്തിലേയ്ക്ക് വരുന്നു. പകുതി പകുതിയല്ലേ. സതോപ്രധാനത്തിൽ നിന്നും പിന്നീട് സതോ, രജോ, തമോയിലേയ്ക്ക് തീർച്ചയായും വരണം. അവസാനം ആരാണോ ഒന്നോ അരയോ ജന്മം എടുക്കാൻ വരുന്നത് അവർ എന്ത് സുഖവും ദുഃഖവും അനുഭവിക്കാനാണ്. നിങ്ങളാണെങ്കിൽ എല്ലാത്തിന്റേയും അനുഭവം ചെയ്യുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ഇത്ര ജന്മം സുഖത്തിൽ കഴിഞ്ഞു പിന്നീട് ഇത്ര ജന്മം ദുഃഖത്തിലേയ്ക്ക് വന്നു. ബാക്കി ധർമ്മങ്ങൾക്ക് പുതിയ ലോകത്തിലേയ്ക്ക് വരാൻ കഴിയില്ല. അവരുടെ പാർട്ട് പിന്നീടാണ്, തീർച്ചയായും പുതിയ ഖണ്ഡമായിരിക്കും, അവർക്ക് അത് പുതിയ ലോകമായിരിക്കും. എങ്ങനെയാണോ ബൗദ്ധികളുടെ ഖണ്ഡം, ക്രിസ്ത്യൻ ഖണ്ഡം മുതലായവ പുതിയതല്ലേ. അവർക്കും സതോ, രജോ, തമോയിലൂടെ കടന്നുവരണം. വൃക്ഷവും അങ്ങനെയല്ലേ. പതുക്കെ പതുക്കെ വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും. ആദ്യം ആരാണോ വരുന്നത് അവർ താഴെത്തന്നെയിരിക്കും. കണ്ടിട്ടില്ലേ- എങ്ങനെയാണ് പുതിയ പുതിയ ഇലകൾ വരുന്നതെന്ന്. ചെറിയ ചെറിയ തളിരിലകൾ വന്നുകൊണ്ടിരിക്കും പിന്നീട് പൂവ് വരും, പുതിയ വൃക്ഷം വളരെ ചെറുതാണ്. പുതിയ വിത്ത് വിതയ്ക്കുന്നു, അതിനെ പൂർണ്ണമായും പരിപാലിച്ചില്ലെങ്കിൽ അത് നശിച്ചുപോകും. നിങ്ങളും പൂർണ്ണമായും പരിപാലിച്ചില്ലെങ്കിൽ നശിച്ചുപോകും. ബാബ വന്ന് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു പിന്നീട് അതിൽ സംഖ്യാക്രമമാകുന്നു. രാജധാനി സ്ഥാപിക്കുകയല്ലേ. ഒരുപാടുപേർ തോറ്റുപോകുന്നുണ്ട്.

കുട്ടികളുടെ അവസ്ഥ എങ്ങനെയാണോ, അതുപോലെ ബാബയിൽ നിന്നും സ്നേഹം ലഭിക്കുന്നു. ചില കുട്ടികളെ പുറമെ സ്നേഹിക്കണം. ചിലർ എഴുതുന്നു ബാബാ ഞാൻ തോറ്റുപോയി. പതിതമായി മാറി. ഇപ്പോൾ അവരെ ആര് സ്വീകരിക്കും! അവർക്ക് ബാബയുടെ ഹൃദയത്തിൽ കയറാൻ കഴിയില്ല. പവിത്രമായവർക്കേ ബാബ സമ്പത്ത് നൽകൂ. ആദ്യം ഓരോരുത്തരിൽ നിന്നും പൂർണ്ണ വാർത്തകൾ കേട്ട് കണക്കെടുക്കും. എങ്ങനെയുള്ള അവസ്ഥയാണോ അതുപോലുള്ള സ്നേഹം. പുറത്തു സ്നേഹമുണ്ടാകും പക്ഷേ ഉള്ളുകൊണ്ട് അറിയാം ഇത് ബുദ്ധുവാണ്, സേവനം ചെയ്യാൻ കഴിയില്ല. ചിന്തയുണ്ടാകുമല്ലോ. അജ്ഞാനകാലത്തിലും കുട്ടി നന്നായി സമ്പാദിക്കുമെങ്കിൽ അച്ഛൻ വളരെ സ്നേഹത്തോടെ കാണും. അഥവാ അത്രയ്ക്ക് സമ്പാദ്യമില്ലെങ്കിൽ സ്നേഹം കൂടുതലുണ്ടാവില്ല. അതുപോലെതന്നെയാണ് ഇവിടെയും. കുട്ടികൾ പുറത്തും സേവനം ചെയ്യുന്നുണ്ടല്ലോ. ഏത് ധർമ്മത്തിലുള്ളവരുമാകട്ടെ, മനസ്സിലാക്കിക്കൊടുക്കണം. ബാബയെ മുക്തിദായകൻ എന്നല്ലേ പറയാറ്. മുക്തിദായകനും വഴികാട്ടിയും ആരാണ് എന്ന പരിചയം നൽകണം. സുപ്രീം ഗോഡ് ഫാദർ വന്ന് എല്ലാവരേയും മുക്തമാക്കുന്നു. ബാബ പറയുന്നു നിങ്ങൾ എത്ര പതിതമായിരിക്കുന്നു. പവിത്രതയില്ല. ഇപ്പോൾ എന്നെ ഓർമ്മിക്കു. ബാബ സദാ പാവനമാണ്. ബാക്കി എല്ലാവരും പവിത്രതയിൽ നിന്നും അപവിത്രമായി തീർച്ചയായും മാറും. പുനർജന്മം എടുത്തെടുത്ത് താഴേയ്ക്ക് വീഴുന്നു. ഈ സമയത്ത് എല്ലാവരും പതിതമാണ് അതിനാൽ ബാബ വഴി പറഞ്ഞുതരുന്നു- കുട്ടികളേ, നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനമായി മാറും. ഇപ്പോൾ മരണം മുന്നിൽ നിൽക്കുന്നു. ഇപ്പോൾ പഴയ ലോകത്തിന്റെ അന്ത്യമാണ്. മായയുടെ ഷോ എത്രയാണ് അതിനാൽ മനുഷ്യർ ഇതുതന്നെയാണ് സ്വർഗ്ഗം എന്നു കരുതുന്നു. വിമാനം, വൈദ്യുതി മുതലായ എന്തെല്ലാമാണുള്ളത്, ഇതെല്ലാം മായയുടെ മടിത്തട്ടാണ്. ഇതെല്ലാം അവസാനിക്കണം. പിന്നീട് സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകും. ഈ വൈദ്യുതി മുതലായവയെല്ലാം സ്വർഗ്ഗത്തിലും ഉണ്ടാകും. ഇപ്പോൾ ഇതെല്ലാം എങ്ങനെ സ്വർഗ്ഗത്തിൽ വരും. തീർച്ചയായും അറിവുള്ളവർ വേണമല്ലോ. നിങ്ങളുടെ അടുത്തേയ്ക്ക് നല്ല നല്ല ശില്പികളും വരും. അവർ രാജധാനിയിൽ വരില്ല എന്നാൽ നിങ്ങളുടെ പ്രജകളിൽ വരും. എഞ്ചിനിയറിംഗ് പഠിച്ച നല്ല നല്ല ശില്പികൾ നിങ്ങളുടെ അടുത്തേയ്ക്ക് വരും. ഈ ഫാഷനെല്ലാം പുറത്ത് വിദേശത്തുനിന്നും വരുന്നതാണ്. അതിനാൽ പുറത്തുള്ളവർക്കും നിങ്ങൾ ശിവബാബയുടെ പരിചയം നൽകണം. ബാബയെ ഓർമ്മിക്കൂ. നിങ്ങളും യോഗത്തിൽ ഇരിക്കുന്ന പുരുഷാർത്ഥം വളരെ അധികം ചെയ്യണം, ഇതിലാണ് മായയുടെ കൊടുങ്കാറ്റ് വളരെ അധികം വീശുന്നത്. ബാബ ഇത്രയേ പറയുന്നുള്ളു എന്നെ മാത്രം ഓർമ്മിക്കൂ. ഇത് നല്ല കാര്യമല്ലേ. ക്രിസ്തുവും ബാബയുടെ രചനയാണ്, രചയിതാവായ സുപ്രീം സോൾ ഒന്നേയുള്ളൂ. ബാക്കി എല്ലാവരും രചനയാണ്. സമ്പത്ത് രചയിതാവിൽ നിന്നാണ് ലഭിക്കുന്നത്. ഇങ്ങനെയുള്ള നല്ല-നല്ല പോയിന്റുകൾ എന്തെല്ലാമുണ്ടോ അതെല്ലാം കുറിച്ചുവെയ്ക്കണം.

ബാബയുടെ മുഖ്യമായ കർത്തവ്യം എല്ലാവരേയും ദുഃഖത്തിൽ നിന്നും മോചിപ്പിക്കുക എന്നതാണ്. ബാബ

സുഖധാമത്തിന്റേയും ശാന്തിധാമത്തിന്റേയും ഗേറ്റ് തുറക്കുന്നു. ബാബയോട് പറയുന്നു– അല്ലയോ മുക്തി ദായകാ ദുഃഖത്തിൽ നിന്നും മുക്തമാക്കി ഞങ്ങളെ ശാന്തിധാമം സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകൂ. ഇവിടെ സുഖധാമമാകുമ്പോൾ ബാക്കി ആത്മാക്കൾ എല്ലാവരും ശാന്തിധാമത്തിൽ വസിക്കുന്നു. സ്വർഗ്ഗത്തിന്റെ ഗേറ്റ് ബാബ തന്നെയാണ് തുറക്കുന്നത്. ആദ്യം പുതിയ ലോകത്തിന്റെ ഗേറ്റാണ് തുറക്കുന്നത്, രണ്ടാമത് ശാന്തിധാമത്തിന്റേതും. ഇപ്പോൾ അപവിത്രമായ ആത്മാക്കൾക്ക് ബാബ ശ്രീമതം നൽകുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. ഇപ്പോൾ ആരെല്ലാം പുരുഷാർത്ഥം ചെയ്യുന്നുവോ അവരെല്ലാം തന്റെ ധർമ്മത്തിൽ ഉയർന്ന പദവി പ്രാപ്തമാക്കും. പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ കുറഞ്ഞ പദവി നേടും. നല്ല–നല്ല പോയിന്റ്സ് കുറിച്ചുവെയ്ക്കുകയാണെങ്കിൽ സമയത്തിന് ഉപകരിക്കും. പറയൂ, ശിവബാബയുടെ കർത്തവ്യം ഞങ്ങൾ പറഞ്ഞുതരാം അപ്പോൾ മനുഷ്യർ പറയും ഗോഡ് ഫാദറായ ശിവബാബയുടെ കർത്തവ്യം പറഞ്ഞു തരുന്ന ഇവർ ആരാണ്. പറയൂ, നിങ്ങൾ ആത്മാക്കളുടെ രൂപത്തിൽ എല്ലാവരും സഹോദരങ്ങളാണ്. പിന്നീട് പ്രജാപിതാ ബ്രഹ്മാവിലൂടെ രചിച്ച രചനയിൽ സഹോദരീ സഹോദരന്മാരാണ്. ആരെയാണോ ഗോഡ്ഫാദർ, ലിബറേറ്റർ, ഗൈഡ് എന്ന് പറയുന്നത് അവരുടെ കർത്തവ്യം ഞങ്ങൾ നിങ്ങൾക്ക് പറഞ്ഞുതരാം. തീർച്ചയായും ഞങ്ങൾക്ക് ഗോഡ്ഫാദറാണ് പറഞ്ഞുതന്നത് അതാണ് നിങ്ങൾക്ക് പറഞ്ഞുതരുന്നത്. മകൻ അച്ഛനെ പ്രശസ്തനാക്കും. ഇതും മനസ്സിലാക്കിക്കൊടുക്കണം. ആത്മാവ് വളരെ ചെറിയ നക്ഷത്രമാണ്, ഈ കണ്ണുകൾ കൊണ്ട് കാണാൻ കഴിയില്ല. ദിവ്യ ദൃഷ്ടിയിലൂടെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ബിന്ദുവാണ്, അത് കണ്ടതുകൊണ്ട് എന്താണ് പ്രയോജനം. ബാബയും ഇതുപോലുള്ള ബിന്ദുവാണ്, ബാബയെയാണ് സുപ്രീം സോൾ എന്ന് പറയുന്നത്. ആത്മക്കളെല്ലാം ഒരുപോലെയാണ് എന്നാൽ ബാബ സുപ്രീമാണ്, നോളേജ്ഫുള്ളാണ്, ലിബറേറ്ററും ഗൈഡുമാണ്. ബാബയുടെ മഹിമ വളരെ അധികം ചെയ്യണം. തീർച്ചയായും ബാബ വരും അപ്പോഴല്ലേ കൂടെ കൊണ്ടുപോകാൻ സാധിക്കൂ. വന്ന് ജ്ഞാനം നൽകും. ബാബ തന്നെയാണ് പറഞ്ഞുതരുന്നത് ആത്മാവ് ഇത്രയും ചെറുതാണ്, ഞാനും അതുപോലെയാണ്. തീർച്ചയായും ജ്ഞാനം നൽകുന്നത് ഏതെങ്കിലും ശരീരത്തിൽ പ്രവേശിച്ചിട്ടായിരിക്കും. ആത്മാവിന്റെ അരികിൽ വന്നിരിക്കും. എന്നിൽ ശക്തിയുണ്ട്, കർമ്മേന്ദ്രിയങ്ങൾ ലഭിച്ചാൽ ഞാൻ സമ്പന്നമായി. ഈ കർമ്മേന്ദ്രിയങ്ങളിലൂടെ ഇരുന്ന് മനസ്സിലാക്കിത്തരുന്നു, ഇദ്ദേഹത്തെ ആദം എന്നും പറയാറുണ്ട്. ആദം ആണ് ആദ്യത്തെ മനുഷ്യൻ. മനുഷ്യരുടെ വൃക്ഷമല്ലേ. ഇദ്ദേഹം മാതാ–പിതാവുമാണ്, ഇദ്ദേഹത്തിലൂടെ രചന രചിക്കുന്നു, പഴയതാണ് എന്നാൽ ദത്തെടുത്തിരിക്കയാണ്, അല്ലെങ്കിൽ ബ്രഹ്മാവ് എവിടെ നിന്നുവന്നു. ബ്രഹ്മാവിന്റെ അച്ഛന്റെ പേര് ആര് പറയും. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരും ആരുടേയെങ്കിലും രചനയായിരിക്കുമല്ലോ! രചയിതാവ് ഒന്നേയുള്ളൂ, ബാബ ഇദ്ദേഹത്തെ ദത്തെടുത്തിരിക്കുകയാണ്, ചെറിയ കുട്ടികൾ ഇരുന്ന് കേൾപ്പിച്ചാൽ ഇത് വളരെ വലിയ ജ്ഞാനമാണെന്ന് പറയും. ഏത് കുട്ടികൾക്കാണോ നന്നായി ധാരണയാവുന്നത് അവർക്ക് വളരെ അധികം സന്തോഷം ഉണ്ടാകും, ഒരിയ്ക്കലും കോട്ടുവാ വരില്ല. മനസ്സിലാക്കുന്നവരല്ലെങ്കിൽ കോട്ടുവാ ഇട്ടുകൊണ്ടിരിക്കും. ഇവിടെ നിങ്ങൾക്ക് ഒരിയ്ക്കലും കോട്ടുവാ വരരുത്. സമ്പാദിക്കുന്ന സമയത്ത് ഒരിയ്ക്കലും കോട്ടുവാ വരില്ല. വാങ്ങാൻ ആളില്ല, കച്ചവടം മോശമാണെങ്കിൽ കോട്ടുവാ വരും. ഇവിടെയും ധാരണയുണ്ടാകില്ല. ചിലരാണെങ്കിൽ ഒട്ടും മനസ്സിലാക്കുന്നില്ല എന്തുകൊണ്ടെന്നാൽ ദേഹാഭിമാനമാണ്. ദേഹീ അഭിമാനിയായി ഇരിക്കാൻ കഴിയുന്നില്ല. പുറത്തുള്ള എന്തെങ്കിലും കാര്യങ്ങൾ ഓർമ്മ വന്നുകൊണ്ടിരിക്കും. പോയിന്റ്സ് നോട്ട് ചെയ്യാനും സാധിക്കില്ല. തീക്ഷ്ണ ബുദ്ധിയുള്ളവർ പെട്ടെന്ന് നോട്ട് ചെയ്യും – ഈ പോയന്റ് വളരെ നല്ലതാണ്. വിദ്യാർത്ഥികളുടെ പെരുമാറ്റവും ടീച്ചർക്ക് കാണാൻ കഴിയുമല്ലോ. വിവേകശാലികളായ ടീച്ചറുടെ ദൃഷ്ടി എല്ലാവരിലും എത്തിക്കൊണ്ടിരിക്കും അതിനാലാണ് പഠിപ്പിന്റെ സർട്ടിഫിക്കറ്റ് നൽകുന്നത്. സ്വഭാവത്തിനും സർട്ടിഫിക്കറ്റ് നൽകുന്നു. എത്രത്തോളം അവധിയെടുത്തു എന്നതും കണക്കാക്കും. ഇവിടെ വരുന്നുണ്ടായിരിക്കും എന്നാൽ ഒന്നും മനസ്സിലാക്കുന്നില്ല, ധാരണയുണ്ടാകുന്നില്ല. ചിലർ പറയുന്നു ബുദ്ധുവാണ് ഡള്ളാണ്, ധാരണയുണ്ടാകുന്നില്ല, ബാബ എന്ത് ചെയ്യും! ഇത് നിങ്ങളുടെ കർമ്മത്തിന്റെ കണക്കാണ്. ബാബ ഒരേ സമ്പത്താണ് നൽകുന്നത്. ഭാഗ്യത്തിൽ ഇല്ലെങ്കിൽ എന്തുചെയ്യും. സ്ക്കൂളിലും ചിലർ പാസാകും, ചിലർ തോറ്റുപോകും. ഇത് പരിധിയില്ലാത്ത പഠിപ്പാണ്, പരിധിയില്ലാത്ത അച്ഛനാണ് പഠിപ്പിക്കുന്നത്. മറ്റു ധർമ്മങ്ങളിലുള്ളവർ ഗീതയിലെ കാര്യം മനസ്സിലാക്കില്ല. ഏത് രാജ്യത്തിലേതാണ് എന്നത് നോക്കി മനസ്സിലാക്കിക്കൊടുക്കണം. ആദ്യമാദ്യം ഉയർന്നതിലും ഉയർന്ന ബാബയുടെ പരിചയം നൽകണം. ബാബ എങ്ങനെയാണ് ലിബറേറ്ററും, ഗൈഡുമാകുന്നത്! സ്വർഗ്ഗത്തിൽ ഈ വികാരങ്ങൾ ഉണ്ടായിരിക്കില്ല. ഈ സമയത്ത് ഇതിനെ ചെകുത്താന്റെ ലോകം എന്നാണ് പറയുക. പഴയ ലോകമല്ലേ, ഇതിനെ സ്വർണ്ണിമ യുഗം എന്ന് പറയില്ല. പുതിയ ലോകമായിരുന്നു, ഇപ്പോൾ പഴയതായി. കുട്ടികളിൽ ആർക്കാണോ സേവനത്തിൽ താല്പര്യമുള്ളത് അവർ പോയിന്റ്സ് നോട്ട് ചെയ്തുവെയ്ക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു

മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) പഠിപ്പിൽ വളരെ അധികം സമ്പാദ്യമുണ്ട് അതിനാൽ സമ്പാദ്യം വളരെ സന്തോഷത്തോടെ ചെയ്യണം. പഠിക്കുന്ന സമയത്ത് ഒരിക്കലും കോട്ടുവാ ഇടുകയോ, ബുദ്ധിയോഗം അവിടേയും ഇവിടേയും അലയുകയോ ചെയ്യരുത്. പോയന്റ്സ് നോട്ട് ചെയ്ത് ധാരണ ചെയ്തുകൊണ്ടിരിക്കൂ.

2) പവിത്രമായി മാറി ബാബയുടെ ഹൃദയത്തിലെ സ്നേഹം പ്രാപ്തമാക്കുന്നതിന് അധികാരിയായി മാറണം. സേവനത്തിൽ സമർത്ഥരാകണം, നല്ല സമ്പാദ്യം ചെയ്യുകയും ചെയ്യിക്കുകയും വേണം.

## വരദാനം:- മർജീവാ ജന്മത്തിന്റെ സ്മൃതിയിലൂടെ സർവ്വ ബന്ധനങ്ങളെയും സമാപ്തമാക്കുന്ന കർമ്മയോഗിയായി ഭവിക്കട്ടെ.

ഈ മർജീവാ ദിവ്യജന്മം കർമ്മബന്ധന ജന്മമല്ല, ഇത് കർമ്മയോഗീ ജന്മമാണ്. ഈ അലൗകിക ദിവ്യജന്മത്തിൽ ബ്രാഹ്മണാത്മാവ് സ്വതന്ത്രനാണ്, പരതന്ത്രനല്ല. ഈ ദേഹം ലോണായി കിട്ടിയതാണ്, മുഴുവൻ വിശ്വത്തിന്റെയും സേവനത്തിന് വേണ്ടി പഴയ ശരീരത്തിൽ ബാബ ശക്തി നിറച്ചുതന്ന് നടത്തിച്ചുകൊണ്ടിരിക്കുകയാണ്, ഉത്തരവാദിത്വം ബാബയുടേതാണ്, താങ്കളുടേതല്ല. ബാബ നിർദ്ദേശം തന്നിട്ടുണ്ട്, അതായത് കർമ്മം ചെയ്യൂ, താങ്കൾ സ്വതന്ത്രരാണ്, നടത്തിക്കുന്ന ആൾ നടത്തിച്ചുകൊണ്ടിരിക്കുന്നു. ഈ വിശേഷ ധാരണയിലൂടെ കർമ്മബന്ധനങ്ങളെ സമാപ്തമാക്കി കർമ്മയോഗിയാകൂ.

## സ്ലോഗൻ:- സമയത്തിന്റെ സമീപതയുടെ ഫൗണ്ടേഷനാണ്- പരിധിയില്ലാത്ത വൈരാഗ്യവൃത്തി.

**അവ്യക്ത സൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**
എത്രയും ഓർമ്മയിലിരിക്കുന്നുവോ അത്രയും അനുഭവം ചെയ്യും അതായത് ഞാൻ ഒറ്റക്കല്ല, ബാപ്ദാദ സദാ കൂടെയുണ്ട്. ഏതെങ്കിലും സമസ്യ മുന്നിൽ വന്നാൽ ഈ സ്മൃതിയിലിരിക്കൂ അതായത് ഞാൻ കമ്പൈന്റാണ്, എങ്കിൽ പരിഭ്രമിക്കില്ല. കമ്പൈൻറ് രൂപത്തിന്റെ സ്മൃതിയിലൂടെ ഏത് ബുദ്ധിമുട്ടുള്ള കാര്യവും സഹജമാകും. തന്റെ എല്ലാ ഭാരവും ബാബക്ക് കൊടുത്ത് സ്വയം ഭാരരഹിതമാകൂ എങ്കിൽ സദാ സ്വയത്തെ ഭാഗ്യശാലിയാണെന്ന അനുഭവം ചെയ്യും മാത്രമല്ല ഫരിസ്തക്കു സമാനം നൃത്തം ചെയ്തുകൊണ്ടിരിക്കും.